(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് വിപുലമായ പരിശീലനം ഇതിനകംതന്നെ നൽകിയിട്ടുണ്ട്. കൂടാതെ പുതിയതായി ഉണ്ടാകുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും പരിശീലന പദ്ധതികൾ സംഘടിപ്പിക്കാറുണ്ട്. വ്യാപാരമേഖലയിലെ വിവിധ സംഘടനകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പങ്കെടുത്ത് പരിശീലനം നൽകാറുണ്ട്.

(ബി) 2006-ലെ ഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ചും അനുബന്ധ ചട്ടങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയെന്നുള്ളതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. നിയമത്തെക്കുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിക്കുകവഴി ആയത് പാലിക്കുവാനുള്ള പ്രേരണ ലഭിക്കുകയും ആയതുവഴി മായം ചേർക്കാത്തതും ഗുണനിലവാരം ഉറപ്പുവരുന്നതുമായ ഭക്ഷണം പൊതുജനങ്ങൾക്ക് ഉറപ്പാക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഹോട്ടലുകൾ, ബേക്കറികൾ, കാന്റീനുകൾ, തട്ടുകടകൾ മറ്റ് ഭക്ഷണവ്യാപാര വിതരണ കേന്ദ്രങ്ങളുൾപ്പെടെ എല്ലാ ഭക്ഷ്യോൽപ്പാദന വിതരണ വിൽപ്പന കേന്ദ്രങ്ങളും ആയതുമായി ബന്ധപ്പെട്ട വിവിധ സംഘടനകളും പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. കൂടാതെ ഇത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നതടക്കമുള്ള നടപടി പരിശോധിച്ച് വരികയാണ്.

(ഡി) സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ വകുപ്പും വിവിധ സംഘടനകളുമായി ചേർന്നും 3500-ളോം പരിശീലന പരിപാടികൾ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടെ അവബോധത്തിനായി ദൂരദർശനിൽ പ്രക്ഷേപണം ചെയ്യുന്നതിനായി ഒരു ലഘുചിത്രം തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു ഡോക്യുമെന്ററി നിർമ്മിച്ചുവരികയുമാണ്.

ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും ശുചിത്വ മാനദണ്ഡം

71 (6776) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും കർശന ശുചിത്വ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 30 ഇന ശുചിത്വ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. (അനുബന്ധം)*

(ബി) 2011-ലെ ഭക്ഷ്യസുരക്ഷാ റെഗുലേഷനിൽ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തെ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും കൈവരുത്തുകയെന്നുള്ളതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) ഹോട്ടലുകൾ, ബേക്കറികൾ, കാന്റീനുകൾ, തട്ടുകടകൾ മറ്റ് ഭക്ഷണവ്യാപാരവിതരണ കേന്ദ്രങ്ങളുൾപ്പെടെ എല്ലാ ഭക്ഷ്യോൽപ്പാദന വിതരണ വിൽപ്പന കേന്ദ്രങ്ങളും ഇതുമായി സഹകരിക്കുന്നുണ്ട്.

(ഡി) സംസ്ഥാന വ്യാപകമായി സ്ക്വാഡുകൾ രൂപീകരിച്ചും പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
തിരുവനന്തപുരം	855
കൊല്ലം	141
പത്തനംതിട്ട	250
ആലപ്പുഴ	130
കോട്ടയം	134
ഇടുക്കി	162
എറണാകുളം	1091
തൃശ്ശൂർ	242
മലപ്പുറം	95

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എണ്ണം
പാലക്കാട്	1/4
കോഴിക്കോട്	263
വയനാട്	63
കണ്ണൂർ	25
കാസർഗോഡ്	53

കാസർഗോഡ് ജില്ലയിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിലെ ഒഴിവുകൾ

72 (6777) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ ആകെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര സ്ഥാപനങ്ങൾക്കാണ് ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസിൽനിന്നും ലൈസൻസ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ജില്ലയിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട 3 ഭക്ഷ്യസുരക്ഷാ സർക്കിളുകൾ ഉൾപ്പെടെ 5 സർക്കിളുകൾ ഉള്ളതിൽ 2 സർക്കിളുകളിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഒഴിവുകളിലേക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി) P&ARD യുടെ Work study റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) 751.

തീരദേശ മേഖലയിലെ കുട്ടികളിൽ പോഷകാഹാരക്കുറവ്

73 (6778) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലയിലെ കുട്ടികൾക്ക് പോഷകാഹാരക്കുറവുമൂലം പലവിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly